## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2727 — 12.10.2011-ലെ മറുപടിയ്ക്ക്

## ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ത്രിവേണി സ്റ്റോറുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ഹംസ | | ശ്രീ. സി.എൻ.ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ഏതെല്ലാം കേന്ദ്രങ്ങളിൽ ആണ് ത്രിവേണി സ്റ്റോർ നിലവിലുള്ളത്; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ ഒറ്റപ്പാലത്ത് ഒരു എയർ കണ്ടീഷൻഡ് ത്രിവേണി സൂപ്പർ മാർക്കറ്റ് പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ശ്രീകൃഷ്ണപുരത്ത് ത്രിവേണി സ്റ്റോർ ആരംഭിക്കുന്നതിനായുള്ള പ്രൊപ്പോസൽ ലഭ്യമാണോ; | (ബി) യും (സി) യും | നിർദ്ദേശം പരിഗണനയിലാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ, സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളോ, കുറഞ്ഞത് 600 മുതൽ 800 വരെ ചതുരശ്ര അടി വിസ്തീർണ്ണമുള്ള അനുയോജ്യമായ സ്ഥലം വാടക കൂടാതെ ലഭ്യമാക്കിയാൽ ശ്രീകൃഷ്ണപുരത്ത് ത്രിവേണി സ്റ്റോർ ഉടനെ ആരംഭിക്കുന്നതാണ്. |
| (സി) | എങ്കിൽ എന്നാണ് ആരംഭിക്കുക; വിശദാംശം ലഭ്യമാക്കാമോ; | | |
| (ഡി) | ഒറ്റപ്പാലം മണ്ഡലത്തിൽ "സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോർ" ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ; | (ഡി) | ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോർ ആരംഭിക്കുന്ന കാര്യം സജീവ പരിഗണനയിലാണ്. |
| (ഇ) | സഞ്ചരിക്കുന്ന ത്രിവേണിസ്റ്റോറുകളുടെ വിശദാംശം ലഭ്യമാക്കുമോ ? | (ഇ) | ഒരു സാധാരണ ത്രിവേണി സ്റ്റോറിൽ ലഭ്യമാകുന്ന എല്ലാ അവശ്യ നിത്യോപയോഗ സാധനങ്ങളും കുറഞ്ഞ നിരക്കിൽ ഉപഭോക്താക്കളുടെ വീടിനരികിൽ വാഹനത്തിലൂടെ എത്തിച്ചു കൊടുക്കുന്ന സംവിധാനമാണ് സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ. ഒരേ സമയത്ത് 10 ഉപഭോക്താക്കൾക്ക് ഈ മൊബൈൽ ത്രിവേണിയിൽ പ്രവേശിച്ച് ഷോപ്പിംഗ് നടത്തുന്നതിനുള്ള സൗകര്യം ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ